**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 215** **12-01-2021 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യൂ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് എത്ര സ്റ്റാർട്ടപ്പ് സംരംഭങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2019 ലെ കേരള സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 2200 സ്റ്റാർട്ടപ്പ് സംരംഭങ്ങളാണുള്ളത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽനിന്ന് എത്ര മടങ്ങ് വർദ്ധനയുണ്ടായി എന്ന് വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം 300 ൽ നിന്നും 9.66 മടങ്ങ് വർദ്ധിച്ച് നിലവിൽ 2900 ആയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾ വഴി ഓരോ വർഷവും സംസ്ഥാനത്തിന് എത്ര തുകയുടെ നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിന് സാധിച്ചുവെന്നറിയിയ്ക്കുമോ? | (സി) | സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായ നിക്ഷേപത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെപ്പറയും പ്രകാരമാണ് : സാമ്പത്തിക വർഷം തുക (കോടി രൂപയിൽ) 2016-17 120 2017-18 285 2018-19 330 2019-20 523 |

സെക്ഷൻ ഓഫീസർ